## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 4 | 28.05.2019- ൽ മറുപടിക്ക് |
|---|---|

## പ്രളയാനന്തര പുനർനിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി.മമ്മൂട്ടി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, പി.ഉബൈദുള്ള<br>,, പാറക്കൽ അബ്ദുല്ല : | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ പുരോഗതി സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം, അറ്റകുറ്റപ്പണി, ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി കണ്ടെത്താൻ നടപടി എന്നിവ പൂർത്തിയായിട്ടില്ല എന്നത് സംബന്ധിച്ച പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (ബി) & (സി) | ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ഇക്കാര്യത്തിൽ അപ്പീലുകൾ ലഭിച്ചിട്ടുണ്ട്. ഇവ സമയബന്ധിതമായി തീർപ്പാക്കാൻ നിർദ്ദേശം നൽകിയിരുന്നു. പ്രതിപക്ഷ നേതാവ് ലഭ്യമാക്കിയതുൾപ്പെടെ 98,181 അപ്പീൽ അപേക്ഷകൾ ലഭിച്ചതിൽ 85,141 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. ഇനിയും തീർപ്പാക്കാനുള്ളവ 2019 മെയ് അവസാനത്തോടെ തീർപ്പാക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രളയബാധിതരുടെ പരാതികളിൽ സമയബന്ധിതമായി ജില്ലാതലത്തിൽ തീരുമാനമെടുക്കുന്നു എന്ന കാര്യം ഉറപ്പാക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രളയബാധിതരുടെ പരാതികളിൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ; | | |
| (ഡി) | പ്രളയാനന്തര പുനർനിർമ്മാണത്തിനായി ലോകബാങ്കിൽ നിന്നും എന്തു തുക ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ലോകബാങ്കിൽ നിന്നും 3596.20 കോടി രൂപ (സംസ്ഥാന വിഹിതം ഒഴികെ) വികസന നയ വായ്പ (Development Policy Loan) ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ